**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4** **07-10-2024 - ൽ മറുപടിയ്ക്ക്**

**ചവറ നിയോജക മണ്ഡലത്തിലെ കന്നേറ്റി മുതൽ കാവനാട് വരെയുള്ള ദേശീയ പാത 66-ന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചവറ നിയോജക മണ്ഡലത്തിലെ കന്നേറ്റി മുതൽ കാവനാട് വരെയുള്ള ദേശീയ പാത 66-ന്റെ നിർമ്മാണം മന്ദഗതിയിൽ ആയതിനാൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ഗതാഗത നിയന്ത്രണങ്ങൾ മൂലം അപകടങ്ങൾ കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കന്നേറ്റി മുതൽ കാവനാട് വരെയുള്ള ദേശീയപാത 66 നിർമ്മാണം കഴിഞ്ഞ ആറുമാസംകൊണ്ട് 7.8% പുരോഗതിയാണ് കൈവരിച്ചത്.നിർമ്മാണ വസ്തുക്കളുടെ അഭാവവും ഇടവിട്ടുള്ള മഴയും മൂലം പ്രവൃത്തി തടസ്സപ്പെടുന്നുണ്ട്. നിർമ്മാണത്തിന് വേഗം കൂട്ടാൻ കരാർ കമ്പിനിക്ക് Notice നൽകിയിട്ടുള്ളതായും 25.12.2025 ന മുമ്പ് പ്രവർത്തി പൂർത്തിയാക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.<br><br>ദേശീയപാത നിർമ്മാണം നടക്കുന്ന ഭാഗങ്ങളിൽ 30 കിലോമീറ്ററിൽ താഴെ വേഗത നിയന്ത്രണം പാലിക്കേണ്ടതുണ്ട്. ഇത് വ്യക്തമാക്കുന്ന ബോർഡുകളും മറ്റ് സുരക്ഷാ മുന്നറിയിപ്പുകൾ നൽകുന്ന ബോർഡുകളും സ്ഥാപിച്ചിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. .<br><br>ദേശീയപാത നിർമ്മാണത്തിന്റെ പുരോഗതി അവലോകനം ചെയ്യാനും, വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിനും മുഖ്യമന്ത്രി,പൊതുമരാമത്ത് വകുപ്പ് മന്ത്രി ചീഫ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്താറുണ്ട്. നിർമ്മാണ വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും, യൂട്ടിലിറ്റി ഷിഫ്റ്റിംഗ് വേഗത്തിലാക്കുന്നതിനും, സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിനും പ്രസ്തുത യോഗങ്ങളിൽ നിർദ്ദേശങ്ങൾ നൽകാറുണ്ട് |
| (ബി) | കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകളും കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക് ലൈനും, പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നത് വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ; | (ബി) | എ പിരിവിന്റെ അതേ ഉത്തരം |

| | | | |
|---|---|---|---|
| (സി) | സർവ്വീസ് റോഡുകളുടെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | യൂട്ടിലിറ്റി ഷിഫ്റ്റിംഗ് പ്രവൃത്തി പൂർത്തിയായാലുടൻ സർവീസ് റോഡുകളുടെ നിർമ്മാണം ആരംഭിക്കുമെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ